സർവ്വേ ഉപേക്ഷിക്കുകയും ചെയ്തു. നിയമം നിലവിൽ വന്ന് 10 വർഷം കഴിഞ്ഞതിനാൽ 29-4-2004-ലും 2-12-2004-ലും പിന്നോക്ക വിഭാഗ കമ്മീഷൻ സർവ്വേ നടത്തണമെന്നാവശ്യപ്പെട്ട് അന്നത്തെ സർക്കാരിന് കത്തുകൾ നൽകിയെങ്കിലും ഇതിൻമേലും യാതൊരു നടപടികളുമുണ്ടായില്ല. എൽ.ഡി.എഫ്. സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നിയമം അനുശാസിക്കുന്ന രീതിയിൽ സാമൂഹിക സാമ്പത്തിക സർവ്വേ നടത്തുന്നതിനായി നടപടികൾ സ്വീകരിക്കുകയും 13-4-2007-ന് 24/2007 ആയി സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തു. സർവ്വേ നടത്താൻ ആസൂത്രണ ധനകാര്യ വകുപ്പിനെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്. ഇതിനായി ഇക്കണോമിക് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ് തയ്യാറാക്കിയ എസ്റ്റിമേറ്റ് പ്രകാരം 10 കോടി 90 ലക്ഷം രൂപയാണ് ചെലവ് പ്രതീക്ഷിക്കുന്നത്. ഈ തുക അനുവദിച്ചുകിട്ടുന്നതിനായി സംസ്ഥാന സർക്കാർ കേന്ദ്ര പ്ലാനിംഗ് കമ്മീഷനോട് 19-6-2009-ലെ കത്ത് പ്രകാരം ആവശ്യപ്പെട്ടിരുന്നു. എന്നാൽ ഇക്കാര്യം 2010-11 സാമ്പത്തിക വർഷത്തിലെ വാർഷിക പദ്ധതിയിൽ നിർദ്ദേശിച്ചതായി സമർപ്പിച്ച് ചർച്ച നടത്താൻ കേന്ദ്ര പ്ലാനിംഗ് കമ്മീഷൻ 15-7-2009-ന് നിർദ്ദേശിക്കുകയാണുണ്ടായത്. 2010-11 സാമ്പത്തിക വർഷത്തെ വാർഷിക പദ്ധതിയിൽ ഇതിനുള്ള തുക അനുവദിക്കാൻ ആവശ്യപ്പെട്ടിരുന്നുവെങ്കിലും ഇക്കാര്യത്തിൽ നേരത്തെ ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ചപോലെ തീരുമാനം ഉണ്ടായിട്ടില്ല. 2010-12 സാമ്പത്തിക വർഷത്തിലെ വാർഷിക പദ്ധതിയിൽ ഇതിനുള്ള തുക അനുവദിക്കുന്നതിനുവേണ്ടി സംസ്ഥാന സർക്കാർ സംസ്ഥാന പ്ലാനിംഗ് ബോർഡിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. വാർഷിക പദ്ധതിയുടെ അന്തിമ ചർച്ചയിൽ പ്ലാനിംഗ് ബോർഡ് കേന്ദ്ര പ്ലാനിംഗ് കമ്മീഷനുമായി ചർച്ച ചെയ്ത് സർവ്വേക്ക് ആവശ്യമായിട്ടുള്ള ഫണ്ട് അടുത്ത ബഡ്ജറ്റിൽ ഉൾക്കൊള്ളിക്കുമെന്ന് പ്രതീക്ഷിക്കുന്നു. സർവ്വേക്ക് ആവശ്യമായിട്ടുള്ള ഫണ്ട് ലഭിക്കുന്ന മുറയ്ക്ക് സർവ്വേ ആരംഭിക്കുന്നതാണ്.

(19) കർഷകന് ഭൂമി ലഭ്യമാക്കാൻ നടപടി

ശ്രീ. പി. കൃഷ്ണപ്രസാദ്: അടിയന്തരാവസ്ഥക്കാലത്ത് ചില ഫോറസ്റ്റ് ഉദ്യോഗസ്ഥർ നടത്തിയ ക്രൂരത മൂലം നിയമപരമായി അവകാശപ്പെട്ട സ്വന്തം കൃഷിഭൂമി നഷ്ടപ്പെട്ട് കഴിഞ്ഞ 34 വർഷമായി ദുരിതം അനുഭവിക്കുന്ന ഒരു കുടുംബത്തിന് നീതി ലഭിക്കുന്നതുമായി ബന്ധപ്പെട്ട ഒരു വിഷയമാണ് സബ്മിഷനായി ഞാൻ ഉന്നയിക്കുന്നത്. 1977-ലെ ഒരു വിജ്ഞാപനപ്രകാരം വനഭൂമിയാണെന്ന് നിയമസഭയെപ്പോലും തെറ്റിദ്ധരിപ്പിച്ചതായി 2000-ൽ നടന്ന വിജിലൻസ് അന്വേഷണത്തിൽ തെളിഞ്ഞതാണ്. വ്യാജരേഖകൾ ഉണ്ടാക്കി ഗവൺമെന്റിനേയും ഡിപ്പാർട്ടുമെന്റിനേയും ഒരുപോലെ തെറ്റിദ്ധരിപ്പിച്ചുകൊണ്ട് 34 വർഷമായി ഈ ഭൂമി നിഷേധിച്ചതിനെതിരെ കളക്ടറും വിജിലൻസും നടത്തിയ അന്വേഷണത്തിൽ കണ്ടെത്തിയ നിഗമനങ്ങളുടേയും അടിസ്ഥാനത്തിൽ 2006-ലെ എൽ.ഡി.എഫ്. സർക്കാർ മന്ത്രിസഭാ തീരുമാനപ്രകാരം ഈ ഭൂമി വിട്ടുകൊടുക്കാൻ തീരുമാനിച്ചതാണ്. നിലവിലുള്ള ഹൈക്കോടതി വിധിയിൽ ഈ ഭൂമി വനഭൂമിയാണെന്നു പരാമർശിച്ചിട്ടുള്ളതിനാൽ

LIBRARY ARCHIVES Kerala Legislative Assembly

സത്യവാങ്മൂലത്തിലൂടെ ഹൈക്കോടതിയിൽ ബോധ്യപ്പെടുത്തി വിധി തിരുത്തിയാൽ മാത്രമേ ഇവർക്ക് ഭൂമി ലഭ്യമാകുകയുള്ളു. കഴിഞ്ഞ രണ്ടുവർഷമായി ഇത് സംബന്ധിച്ച് ഒരു സത്യവാങ്മൂലം ഹൈക്കോടതിയിൽ സമർപ്പിക്കാൻ നമ്മുടെ ഫോറസ്റ്റ് ഉദ്യോഗസ്ഥർ തയ്യാറാകാത്തതുകൊണ്ട് നിസ്സഹായരും ജീവിതം തകർന്നുപോയി ദൈനംദിനം ഒക്ഷണം കഴിക്കാൻപോലും പ്രയാസമനുഭവിക്കുന്ന രോഗികളായി മാറിയ ഈ കർഷക കുടുംബത്തിന് നീതി നിഷേധിക്കുന്നത് ഗൗരവമുള്ള ഒരു വിഷയമാണ്. കേരളത്തിന്റെ മനസ്സാക്ഷിയെത്തന്നെ പിടിച്ചുകുലുക്കുന്ന ഈ പ്രശ്നത്തിന് ഒരു പരിഹാരമുണ്ടാക്കണം.

വനവും വന്യനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ബിനോയ് വിശ്വം): സർ, ഇവിടെ ഉന്നയിക്കപ്പെട്ട വിഷയം മാനുഷികമായി വളരെയേറെ പരിഗണന അർഹിക്കുന്നതാണ്. 1971-ൽ കേരള സ്വകാര്യവനം നിക്ഷിപ്തമാക്കലും പതിച്ചു കൊടുക്കലും നിയമം സെക്ഷൻ 3(1) അനുസരിച്ച് ഈ ഭൂമി നിക്ഷിപ്ത വനഭൂമിയാണെന്നാണ് എല്ലാ രേഖകളും പറയുന്നത്. ഈ രേഖകൾ എല്ലാം അങ്ങനെ പറയുകയും എന്നാൽ ഇതിനെ ചോദ്യം ചെയ്തുകൊണ്ട് ശ്രീ. ജോർജ് കാഞ്ഞിരത്തിനാൽ 1985-ൽ ട്രിബ്യൂണലിൽ പോകുകയും ട്രിബ്യൂണൽ ഇദ്ദേഹത്തിന്റെ വാദം തള്ളിക്കളയുകയും ചെയ്തതാണ്. 1991-ൽ വീണ്ടും അദ്ദേഹം ഹൈക്കോടതിയിൽ അപ്പീൽ പോയി അവിടെയും തള്ളപ്പെട്ടു. നിയമപരമായി തള്ളപ്പെട്ടുപോയെങ്കിൽപ്പോലും മാനുഷികമായി കുറേയേറെ പരിഗണന വേണ്ടതാണെന്ന് ഗവൺമെന്റിന് ബോധ്യമുണ്ട്. അതുകൊണ്ടാണ് ഈ ഗവൺമെന്റ് ഇത് ഏറ്റെടുക്കുകയും ഈ ഭൂമി കൊടുക്കാൻ വേണ്ടിയുള്ള തീരുമാനം എടുക്കുന്നതിന് കൃാബിനറ്റ് യോഗത്തിൽ വയ്ക്കുകയും ചെയ്തു. പക്ഷേ നിലവിൽ അത് ഒരു വനഭൂമിയായതുകൊണ്ട് ഭൂമി പതിച്ചുനൽകണമെങ്കിൽ കേന്ദ്ര ഗവൺമെന്റിന്റെ അനുമതി വേണ്ടിവരും. അതിനായി ഗവൺമെന്റ് ശ്രമിച്ചുകൊണ്ടിരിക്കുമ്പോൾ വീണ്ടും കേസ്സുകൾ ഉണ്ടായിക്കൊണ്ടിരിക്കുകയാണ്. ഈ കേസ്സിന്റെ ഇടയിൽത്തന്നെയാണ് ഇതിന്റെ നോട്ടിഫിക്കേഷനെപ്പറ്റി ഇവിടെ ഒരു ചോദ്യമുണ്ടായത്. ആ നോട്ടിഫിക്കേഷനിൽ ഗവൺമെന്റിന് കിട്ടിയ മറുപടി ശരിയായിരുന്നില്ല. തെറ്റുപറ്റിയിട്ടുണ്ട്. തെറ്റായി വിവരം തന്ന ഉദ്യോഗസ്ഥന്റെ പേരിൽ ഗവൺമെന്റ് ആക്ഷനെടുക്കുകയും ചെയ്യുന്നതാണ്. അതെല്ലാമാണെങ്കിൽപ്പോലും ഈ കേസ്സിന് പരിഹാരമുണ്ടാകണമെങ്കിൽ ഹൈക്കോടതി വിധിക്കെതിരായിട്ടുള്ള ഒരു തീരുമാനമുണ്ടാകണം. അതിന് ശ്രീ. ജോർജ് ഇപ്പോൾ കോടതിയിലുണ്ട്. ജോർജ് കോടതിയിൽപ്പോയപ്പോൾ 8999 ദിവസത്തെ ഡിലേ ഉണ്ടായിരുന്നു. ആ ഡിലേ condone ചെയ്തു കിട്ടാൻ വേണ്ടി സഹായിച്ചത് ഈ ഗവൺമെന്റ് തന്നെയാണ്. അതുപ്രകാരം ഹൈക്കോടതിയിൽ ഈ കേസ് വീണ്ടും പരിഗണനയിൽ വന്നിട്ടുണ്ട്. ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ തീരുമാനപ്രകാരം പ്രവർത്തിക്കാൻ ഗവൺമെന്റ് തയ്യാറാവുകയും ചെയ്യും.

മി. ഡെപ്യൂട്ടി സ്പീക്കർ: ഇത്തരത്തിലുള്ള കേസ്സ് മണ്ണാർക്കാടുമുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ബിനോയ് വിശ്വം : നിയമപരമായ വിഷയങ്ങളെല്ലാം ഉള്ളപ്പോൾ നമുക്ക് അത് മറികടക്കാൻ മാർഗ്ഗമില്ല. അതാണ് ഇതിലെ സങ്കീർണ്ണത. ആ സങ്കീർണ്ണതകൾ മറികടക്കാൻ വേണ്ടിയുള്ള ശ്രമത്തിൽ ശ്രീ. ജോർജിനെ സഹായിക്കാൻ മാനുഷികമായ എല്ലാ മാർഗ്ഗങ്ങളും നോക്കാൻ തയ്യാറായിരിക്കും.

(20) അടയ്ക്കാ കർഷകർക്ക് ധനസഹായം

ശ്രീ. സി. എച്ച്. കുഞ്ഞമ്പു : 2010-11 വർഷത്തിലെ ബഡ്ജറ്റിൽ 10 കോടി രൂപ അടയ്ക്കാ കർഷകർക്കുവേണ്ടി വകയിരുത്തിയിരുന്നു. എന്നാൽ ആ തുക വിതരണം ചെയ്യുന്നതിനാവശ്യമായ ഒരു നടപടിയും സ്വീകരിച്ചു കാണുന്നില്ല. വിലത്തകർച്ചമൂലം ഏറ്റവും കൂടുതൽ ദുരിതം അനുഭവിക്കുന്നത് അടയ്ക്കാ കർഷകരാണ്. ഈ കർഷകർക്ക് തെല്ല് ഒരു ആശ്വാസം നൽകുന്ന പദ്ധതിയാണ് സ്പെഷ്യൽ പാക്കേജിലൂടെ ഉണ്ടാകുന്നത്. അതുകൊണ്ട് ഈ തുക അടിയന്തരമായി അർഹതപ്പെട്ട കർഷകർക്ക് ലഭിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് ബഹുമാനപ്പെട്ട മന്ത്രിയോട് അഭ്യർത്ഥിക്കുന്നു.

കൃഷി വകുപ്പുമന്ത്രി (ശ്രീ. മുല്ലക്കര രത്നാകരൻ): കേരളത്തിലെ അടയ്ക്കാ കർഷകർ നിരവധി പ്രശ്നങ്ങളാൽ ദുരിതമനുഭവിക്കുന്നവരാണ്. കമ്പോള വിലയിടിവ്, മഞ്ഞളിപ്പ് രോഗം, മഹാളി രോഗം, ഉൽപ്പാദനക്ഷമത കുറവ് എന്നിവ ഇതിന് പ്രധാന കാരണങ്ങളാണ്. അടയ്ക്കാ ഉത്പന്നങ്ങളായ ഹുഡ്ക, പാൻമസാല തുടങ്ങിയ ഉത്പന്നങ്ങൾക്ക് ചില സംസ്ഥാനങ്ങളിൽ ഏർപ്പെടുത്തിയ നിരോധനവും അയൽ രാജ്യങ്ങളിൽ നിന്ന് ഇൻഡ്യയിലേക്ക് നിയമാനുസൃത മാർഗ്ഗങ്ങളിൽ കൂടിയും അല്ലാതെയുമുള്ള ഇറക്കുമതി എന്നിവയും ഇതിന് ആക്കം കൂട്ടുന്നുണ്ട്. ധനമന്ത്രിയുടെ ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിക്കപ്പെട്ട പദ്ധതിയിലൂടെ വിലത്തകർച്ചയിൽപ്പെട്ട് ഉഴലുന്ന അടയ്ക്കാ കർഷകരെ അതിൽനിന്നും രക്ഷിക്കാൻ പര്യാപ്തവും സംസ്ഥാനത്ത് അർഹതപ്പെട്ട മൊത്തം അടയ്ക്കാ കർഷകർക്കും ആനുകൂല്യം ലഭ്യമാക്കാനുമാണ് ഉദ്ദേശിച്ചിട്ടുള്ളതെങ്കിലും പദ്ധതിയുടെ ആദ്യഘട്ടമെന്ന നിലയിൽ കാസർഗോഡ് ജില്ലയിൽ നടപ്പിലാക്കാനും തുടർന്ന് ബഡ്ജറ്റ് വഴി ലഭ്യമാകുന്ന അധിക തുകയ്ക്ക് അനുസൃതമായി മറ്റ് ജില്ലകളിലേക്ക് പദ്ധതി വ്യാപിപ്പിക്കാനുമാണ് ഉദ്ദേശിക്കുന്നത്. ഇതനുസരിച്ച് കൃഷി വകുപ്പ് കാസർഗോഡ് ജില്ലയിലെ അടയ്ക്കാ കർഷകർക്കുവേണ്ടി പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. അടയ്ക്കാ പാക്കേജ് പദ്ധതി പ്രകാരം കാസർഗോഡ് ജില്ലയിലെ നാല് ഹെക്ടർവരെ കൃഷി ഭൂമിയുള്ളവരും മുഖ്യമായും അടയ്ക്കാ കൃഷിയെ ആശ്രയിച്ച് ഉപജീവനം നടത്തുന്നവരുമായ കൃഷിക്കാർക്ക് വിള പരിപാലനത്തിന് അടയ്ക്ക മരം ഒന്നിന് പത്ത് രൂപവച്ച് ധനസഹായം നൽകാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. സഹായധനം പണമായി ലഭ്യമാക്കുന്ന വിധമാണ് പദ്ധതി നടപ്പാക്കുന്നത്. അടയ്ക്കാ പാക്കേജ് പദ്ധതി സംബന്ധിച്ച വിശദാംശങ്ങൾ ധനകാര്യ-ആസൂത്രണ-സാമ്പത്തികകാര്യ വകുപ്പുകളുമായി കൂടിയാലോചിച്ച് എത്രയും വേഗം നടപ്പിലാക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly